**"ഭരണഭാഷ – മാതൃഭാഷ"**

സി.ഇ.ഐ.എ/3414/2025-ഐ.സി.3

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി:- 21-06-2025

## നോട്ടീസ്

വിഷയം:- ജലസേചനം - ജീവനക്കാര്യം – ശ്രീമതി.ധന്യ ഗോപിനാഥ്, ക്ലാർക്ക് കം ടൈപ്പിസ്റ്റ് – 31-12-2020 പ്രകാരമുള്ള ക്ലർക്കുമാരുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നത് - സംബന്ധിച്ച്

സൂചന :- 1) ഈ കാര്യാലയത്തിലെ 23-05-2023 തീയതിയിലെ ഐ.സി3-3538/2023 നമ്പർ ഉത്തരവ്

2) എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 07-10-2024 തീയതിയിലെ ഇ2-62/2021 നമ്പർ കത്ത്

3) ഈ കാര്യാലയത്തിലെ 19-06-2025 തീയതിയിലെ സി.ഇ.ഐ.എ/2824/2025- ബി3 നമ്പർ അനൗദ്യോഗിക കുറിപ്പ്

മേൽ സൂചന (2) കത്ത് പ്രകാരം ആലുവ, ഇലക്ട്രിക്കൽ എൽ.ഐ സെക്ഷൻ കാര്യാലയത്തിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റായ ശ്രീമതി. ധന്യ ഗോപിനാഥ്(പെൻ-870988) ടിയാളെ 31-12-2020 പ്രകാരമുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേക്കുള്ള അപേക്ഷയും, അനുബന്ധരേഖകളും സമർപ്പിച്ചിരിക്കുന്നു. ടിയാൾ 07-11-2019 തീയതിയിൽ ക്ലർക്ക് തസ്തികയിലേക്ക് ഓപ്ഷൻ ഉചിതമാർഗ്ഗേണ നൽകിയിട്ടുണ്ടെന്നും, 01-07-2021 തീയതിയിലെ ബി5-39875/2019 നമ്പർ ഉത്തരവ് പ്രകാരം നിയമനം റെഗുലറൈസ് ചെയ്യുകയും, 18-10-2022 തീയതിയിലെ ബി5-3521/2012 നമ്പർ ഉത്തരവ് പ്രകാരം പരിവീക്ഷാകാലാവധി 24-09-2022 തീയതിയിൽ പൂർത്തിയാക്കുകയും, ടിയാളെ ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ക്ലാർക്ക് ആയി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താനും സൂചന (3) അനൗദ്യോഗിക കുറിപ്പ് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. മേൽ സാഹചര്യത്തിൽ 02-07-2019 തീയതിയിലെ എറണാകുളം, കേരള പബ്ലിക് സർവീസ് കമ്മീഷൻ, ജില്ലാ ഓഫീസറുടെ ഇ.വി(2)2290/2015(3) നമ്പർ നിയമനശുപാർശയുടെ അടിസ്ഥാനത്തിൽ 09-08-2019 തീയതിയിലെ ഈ കാര്യാലയത്തിലെ ബി5-14625/2005 നമ്പർ നിയമന ഉത്തരവ് പ്രകാരം എൽ.ഡി ക്ലാർക്കായി 19-08-2019 പൂർവ്വാഹ്നത്തിൽ ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ധന്യ ഗോപിനാഥ് ടിയാളെ 31-12-2020 വരെയുള്ള ക്ലർക്കുമാരുടെ മുൻഗണനാ പട്ടികയിൽ ടിയാളുടെ നിയമനശുപാർശ

തീയതിയുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ-413 ആയ ശ്രീ. സുഗുണകുമാർ.എം (പെൻ-434421)- നും ക്രമ നമ്പർ-414 ആയ ശ്രീ.ജാഫർ.വി.പി (പെൻ-804843) -ക്കും മദ്ധ്യേ ക്രമ നമ്പർ- 413(എ) ആയി ഉൾപ്പെടുത്തി പട്ടിക പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതിന്മേൽ പരാതിയോ, ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ടി തീയതിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീമതി. ധന്യ ഗോപിനാഥ്, ക്ലാർക്ക് കം ടൈപ്പിസ്റ്റിനെ സൂചന (1) മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ-413(എ) ആയി ഉൾപ്പെടുത്തി സ്ഥാനക്കയറ്റ നടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി

Signed by Maheshkumar V P
Date: 21-06-2025 10:06:24

ADMINISTRATIVE ASSISTANT

To

(1) ശ്രീമതി.ധന്യ ഗോപിനാഥ്, ക്ലാർക്ക് കം ടൈപ്പിസ്റ്റ് (മേലധികാരി മുഖേന)
(2) അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ എൽ.ഐ സെക്ഷൻ, ആലുവ
(3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.റ്റി. സെൽ, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(4) സീനിയർ സൂപ്രണ്ട്, ബി.സെക്ഷൻ
(5) കരുതൽ